هيئة التعليم السنية بعموم كيرلا

**SAMASTHA KERALA SUNNI VIDYABHYASA BOARD**

SAMASTHA CENTRE, MARKAZ COMPLEX ROAD, CALICUT - 6

PH: 0495 - 2772840 - 41 Email: sksvb@ymail.com, Web: samastha.in

**(പരീക്ഷാ വിഭാഗം)**

# ഇംഗ്ലീഷ് മീഡിയം പൊതുപരീക്ഷ 2018

**ഇംഗ്ലീഷ് മീഡിയം സ്കൂൾ മാനേജർ, പ്രിൻസിപ്പൽ, സ്വദർ മുഅല്ലിം, ഇസ്ലാമിക അധ്യാപകർ എന്നിവരെ അറിയിക്കുന്നത്.**

മാന്യരേ,

ഇസ്ലാമിക് എജുക്കേഷണൽ ബോർഡ് ഓഫ് ഇന്ത്യ അംഗീകരിച്ച ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ മദ്റസകളിൽ 10, +2 ക്ലാസുകളിലെ പൊതുപരീക്ഷ 2018 ജനുവരി 13ന് ശനിയാഴ്ചയും ഏഴാം ക്ലാസിലെ പൊതുപരീക്ഷ മാർച്ച് 03ന് ശനിയാഴ്ചയും താഴെ ചേർത്ത ടൈംടേബിൾ പ്രകാരം നടത്തുന്നതാണ്.

| തിയ്യതി | സമയം | വിഷയം | |
|---|---|---|---|
| | | **പത്താം തരം** | **+ 2** |
| 13-01-2018 ശനി | 9. 30 am to 11. 30 am | الفقه | الإسلامية (معالم الطلاب) |
| | 1. 30 pm to 3. 30 pm | تزكية الولدان | الفقه (خلاصة الفقه الإسلامى الجزء الخامس) |

| തിയ്യതി | സമയം | ഏഴാം തരം |
|---|---|---|
| 03- 03 - 2018 ശനി | 9. 30 am to 11. 30 am | الفقه |
| | 1. 30 pm to 3. 30 pm | العقائد و تزكية الولدان |

ഈ വർഷം മുതൽ പൊതുപരീക്ഷക്ക് അപേക്ഷിക്കാനും ഫീസടക്കാനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയ വിവരം അറിയിക്കുന്നു.

പൊതുപരീക്ഷക്ക് കുട്ടികളുടെ പേർ റജിസ്റ്റർ ചെയ്യുന്നതിന് www.samastha.in എന്ന വെബ് സൈറ്റിൽ പ്രവേശിച്ച് Student Registration ക്ലിക്ക് ചെയ്യുക. പിന്നീട് നിങ്ങളുടെ മദ്റസക്ക് വിദ്യാഭ്യാസ ബോർഡിൽ നിന്ന് ഡിവിഷൻ മുഖേന ലഭിച്ച User Name, Password എന്നിവ ടൈപ്പ് ചെയ്ത് പേജ് തുറക്കുക. ശേഷം അതിൽ ആവശ്യപ്പെടുന്ന മദ്റസാ സംബന്ധമായ അടിസ്ഥാന വിവരങ്ങൾ ടൈപ്പ് ചെയ്യുക. പിന്നീട് Student ൽ പോയി Add Student ക്ലിക്ക് ചെയ്യുക ശേഷം ഏതു ക്ലാസിലാണ് എന്ന് ടിക്ക് ചെയ്ത് മദ്ഹബ് (ശാഫി, ഹനഫി) സെലക്ട് ചെയ്ത് കുട്ടികളുടെ പേരു വിവരങ്ങൾ (അഡ്മിഷൻ നമ്പർ, പ്രവേശന തിയ്യതി, കുട്ടിയുടെ പേര്, ഇനീഷ്യൽ, പിതാവിന്റെ പേര്, ജനന തിയ്യതി, എത്രാം വർഷം എന്നിവ ടൈപ്പ് ചെയ്ത് (കുട്ടിയുടെ പേര്, പിതാവിന്റെ പേര്, എന്നിവ ഇംഗ്ലീഷ് വലിയ അക്ഷരത്തിലും അറബിയിലും ടൈപ്പ് ചെയ്യണം ) ശേഷം SAVE ചെയ്യുക. ഇതു പോലെ മദ്റസയിലെ എല്ലാ കുട്ടികളുടെയും പേർ എന്റർ ചെയ്യുക. അതിനു ശേഷം Download ൽ ക്ലിക്ക് ചെയ്ത് ഓരോ ക്ലാസിന്റെയും ലിസ്റ്റുകൾ പ്രിന്റെടുക്കുക. പ്രിന്റെടുത്തതിന് ശേഷം കുട്ടിയുടെ പേരു വിവരങ്ങൾ എന്റർ ചെയ്തതിൽ വല്ല തെറ്റുകളുമുങ്കെിൽ Student ൽ പോയി Student List ഓപ്പൺ ചെയ്യുക എന്നിട്ട് വേ മാറ്റങ്ങൾ വരുത്തി Update ചെയ്യുക.

ശേഷം ഓരോ ക്ലാസിന്റെയും അപേക്ഷയുടെ ഒരു കോപ്പി പ്രിന്റ് എടുത്ത് മദ്റസാ ഫയലിൽ സൂക്ഷിക്കണം. പ്രിന്റെടുത്ത അപേക്ഷാ ഫോറത്തിന്റെ ഓരോ കോപ്പികളും ഫീസ് സംഖ്യ (ഒരു കുട്ടിക്ക് 250 രൂപ) യും 10 - 11 - 2017ന് മുമ്പായി ഡിവിഷൻ പരീക്ഷാ സെക്രട്ടറിയെ ഏൽപ്പിക്കണം.

ഡിവിഷൻ പരീക്ഷാ സെക്രട്ടറി ഡിവിഷനിലെ പൊതുപരീക്ഷയിൽ പങ്കെടുക്കുന്ന മുഴുവൻ മദ്റസകളുടെയും മൊത്തം ഫീസ് സംഖ്യ സുന്നി വിദ്യാഭ്യാസ ബോർഡിന്റെ എക്കൗണ്ടിൽ **(SAMASTHA KERALA SUNNI VIDYABHYASA BOARD A/c No: 852420100000206 BANK OF INDIA, MAVOOR ROAD BRANCH CALICUT. IFSC CODE: BKID0008524)** നിക്ഷേപിച്ച് റസീപ്റ്റ് വാങ്ങുക. ബാങ്കിൽ നിന്ന് ലഭിച്ച റസീപ്റ്റും ഡിവിഷനിലെ മദ്റസ തിരിച്ചുള്ള ലിസ്റ്റും മദ്റസകളിൽ നിന്നുള്ള അപേക്ഷകളും ഒന്നിച്ച് 15 - 11 - 2017ന് മുമ്പായി വിദ്യാഭ്യാസ ബോർഡ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

ഡിവിഷൻ മുഖേന അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ ഓഫീസിൽ സ്വീകരിക്കുന്നതല്ല. കന്നഡ, ഉർദു, തമിഴ്, അറബി തമിഴ് പാഠ പുസ്തകം പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ അപേക്ഷാ ഫോറത്തിൽ അതാതിന്റെ കോളങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. അപേക്ഷ അയച്ച ശേഷം യാതൊരു ഭേദഗതിയും അനുവദിക്കുന്നതല്ല.

10ൽ കുറഞ്ഞ അപേക്ഷകരുള്ള മദ്റസ സെന്ററായി അനുവദിക്കണമെങ്കിൽ 2500 രൂപ അടക്കണം. സെന്ററായി ഉദ്ദേശിക്കുന്ന സ്ഥാപനത്തിന്റെ പേരും സ്ഥലവും അംഗീകരണ നമ്പറും പ്രിന്റെടുത്ത ഫോറത്തിലെ റിമാർക്സ് കോളത്തിൽ ചുകപ്പു മഷിയിൽ രേഖപ്പെടുത്തണം പ്രസ്തുത സ്ഥാപനത്തിലെ സ്വദ്ർ മുഅല്ലിമിന്റെ സമ്മത പത്രം അപേക്ഷാ ഫോറത്തിന്റെ കൂടെ വെക്കേണ്ടതുമാണ്.

+2 ക്ലാസിൽ വിദ്യാഭ്യാസ ബോർഡ് പുറത്തിറക്കിയ **خلاصة الفقه الإسلامي** (അഞ്ചാം ഭാഗം), **معالم الطلاب** എന്നീ രു കിത്താബുകളിൽ പരീക്ഷ നടക്കും.

പത്താം ക്ലസിൽ الفقه الإسلامي, تزكية الولدان എന്നീ കിത്താബുകളിലും ഏഴാം ക്ലസിൽ الفقه الإسلامي, دروس العقائدو تزكية الولدان കിത്താബുകളിലും എല്ലാ ഭാഗങ്ങളിൽ നിന്നും ചോദ്യം ഉായിരിക്കുന്നതാണ്. تزكية الولدان ലെ നഹ്വ്സ്വർഫ് ഭാഗങ്ങളിൽ നിന്ന് ചോദ്യം ഉായിരിക്കുന്നതല്ല.

പൊതു പരീക്ഷാ സംബന്ധമായ എല്ലാ എഴുത്തിടപാടുകളും താഴെ കാണിച്ച വിലാസത്തിൽ മാത്രമായിരിക്കേതാണ്. കാര്യക്ഷമ മായ പരീക്ഷാ നടത്തിപ്പിന് പ്രസ്തുത നിർദ്ദേശങ്ങൾ പുർണ്ണമായും പാലിക്കണമെന്നഭ്യർത്ഥിക്കുന്നു.

**ഖുർആൻപരീക്ഷ:** മുൻവർഷത്തെപോലെ ഏഴാംതരത്തിലെ ഖുർആൻപരീക്ഷ അതതു സ്ഥാപനങ്ങളിലെ സ്വദ്ർ മുഅല്ലിംകളുടെ നേതൃത്വത്തിൽ നടത്തേതാണ്. പരീക്ഷക്ക് ആവശ്യമായ ചോദ്യപേപ്പറുകളും മാർക്ക് ലിസ്റ്റും മറ്റും 2018 ഫെബ്രുവരി അവസാനവാരത്തിൽ ഡിവിഷൻ പരീക്ഷാ വിഭാഗം സെക്രട്ടറിമാർക്ക് എത്തിച്ചു തരുന്നതാണ്.

**ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ: 9447 261022, 8281 270175, 9496459244, 9745803956**

കോഴിക്കോട്
01-10-2017

ചെയർമാൻ (പരീക്ഷാ വിഭാഗം)
ഇസ്‌ലാമിക് എജുക്കേഷണൽ ബോർഡ്, സമസ്ത സെന്റർ,
പി.ഒ എരഞ്ഞിപ്പാലം , കോഴിക്കോട് - 673006